**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 176** **06-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ജീവനക്കാരുടെ ഹാജർ സ്പാർക്കുമായി ബന്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നടപടി കൊണ്ട് എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. ഭരണ നവീകരണത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. സ്പാർക്ക് മുഖേന ശമ്പള ബിൽ തയ്യാറാക്കുന്ന സ്ഥാപനങ്ങളെ ഇതുമായി ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. സെക്രട്ടേറിയറ്റിൽ ബയോമെട്രിക് പഞ്ചിംഗ് സ്പാർക്കുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതു വഴി ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതോടൊപ്പം ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതും ലക്ഷ്യമിടുന്നു. സ്പാർക്ക് അധിഷ്ഠിത പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന ഓഫീസുകളിൽ ലീവ് സംവിധാനം പൂർണ്ണമായും സ്പാർക്ക് വഴി ഓൺലൈനാക്കാനും ഉദ്ദേശിക്കുന്നു. |
| (ബി) | ജീവനക്കാരുടെ ജോലിഭാരം പഠിക്കുന്നതിനും ജോലി ശാസ്ത്രീയമായി ക്രമീകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പ്രത്യേക പഠനം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജോലി ഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും വകുപ്പ് സെക്രട്ടറി ചെയർമാനായി പ്രത്യേക സമിതികൾ രൂപീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുഭരണ വകുപ്പിൽ ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ